ഉത്തരം

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. റ്റി. എം. ജേക്കബ്)

(എ) സംസ്ഥാനത്തെ എല്ലാ സ്കൂളുകൾക്കും മൂത്രപ്പുരകൾ ഉണ്ട്. എല്ലാ സ്കൂളുകളിലും ഫർണിച്ചർ ഉണ്ട്. എന്നാൽ ആവശ്യത്തിന് ഫർണിച്ചർ ഇല്ലാത്ത ഗവൺമെന്റ് സ്കൂളുകളിലെല്ലാം ഈ ഡിസംബർ മാസത്തോടെ ആവശ്യമുള്ള ഫർണിച്ചർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടിവെള്ളം ലഭ്യമല്ലാത്ത സ്കൂളുകളെ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

(ബി, സി) വിവരം ശേഖരിച്ചുവരുന്നു.

കോടതി നടപടികൾ മലയാളത്തിലാക്കാൻ നടപടി

* 303. [328] ശ്രീ. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോടതികളിലെ നടപടികൾ മലയാളത്തിൽ ആക്കുന്നതിന് നടപടികളെടുക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം ?

ഉത്തരം

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി)

(എ) ഉണ്ട്.

(ബി) കോടതികളിലെ ഔദ്യോഗികഭാഷ മലയാളം ആക്കുന്നതിന്റെ എല്ലാ വശങ്ങളേയും കുറിച്ച് പഠനം നടത്തി വിശദമായ റിപ്പോർട്ടു സമർപ്പിക്കാൻ ജസ്റ്റിസ് ശ്രീ. കെ.കെ. നരേന്ദ്രൻ (ഹൈക്കോർട്ട് ജഡ്ജ്) അദ്ധ്യക്ഷനായും അഡ്വക്കേറ്റ് ജനറൽ നിയമ വകുപ്പു സെക്രട്ടറി, ശ്രീ. ബി. എം. തുളസിദാസ് (സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രൈബ്യൂണൽ ആൻഡ് അഡീഷണൽ ഡിസ്ട്രിക്ട് ജഡ്ജ്, എറണാകുളം) പബ്ലിക് പ്രോസിക്യൂഷൻ ഡയറക്ടർ, ശ്രീ. പി. ശാന്തലിംഗം അഡ്വക്കേറ്റ് (ബാർ കൗൺസിൽ പ്രതിനിധി) ശ്രീ. ടി. എസ്. വെങ്കടേശ്വര അയ്യർ, അഡ്വക്കേറ്റ്, കേരള ഹൈക്കോടതി (ബാർ കൗൺസിൽ മെംബർ), സ്പെഷ്യൽ ആഫീസർ, ഉദ്യോഗസ്ഥ പരിഷ്ക്കാര വകുപ്പ് എന്നിവർ അംഗങ്ങളായുമുള്ള ഒരു കമ്മിറ്റിയിലെ 24-5-1985 സർക്കാർ ഉത്തരവ് (കൈയെഴുത്ത്) നമ്പർ 7/85/ഉ. ഭ. പ. വ. ഉത്തരവു പ്രകാരം രൂപീകരിക്കുകയും കമ്മറ്റി എറണാകുളം ആസ്ഥാനമാക്കിയതിന്റെ പ്രവർത്തനം നടത്തിവരികയുമാണ്. കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയതിനുശേഷം ഇത് സംബന്ധിച്ച അനന്തര നടപടികൾ ഊർജ്ജിതപ്പെടുത്താൻ കഴിയുന്നതുമാണ്.

എം. സി. റോഡ് നാഷണൽ ഹൈവേയാക്കൽ നടപടി

* 304. [329] ശ്രീ. പി. വി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം. സി. റോഡ് നാഷണൽ ഹൈവേയായി പ്രഖ്യാപിക്കപ്പെടുന്നതിനുള്ള നടപടി എത്രത്തോളമായി ;

(ബി) ഇതു സംബന്ധിച്ച് കേന്ദ്രത്തിൽ നിവേദനം നടത്തിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly